Mathrubhoomi
8th February 2024



അന്താരാഷ്ട്ര ഊർജമേള സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യുന്നു

# ഊർജസംരക്ഷണ പുരസ്കാരങ്ങൾ സമ്മാനിച്ചു

## ഊർജമേളയ്ക്കു തുടക്കം

**തിരുവനന്തപുരം** ▸ ഊർജസംരക്ഷണ പ്രവർത്തനങ്ങൾക്ക് എനർജി മാനേജ്മെന്റ് സെന്റർ ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ സ്പീക്കർ എ.എൻ.ഷംസീർ സമ്മാനിച്ചു. അന്താരാഷ്ട്ര ഊർജമേളയും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

ഊർജസംരക്ഷണത്തിൽ മികച്ച പ്രകടനത്തിനുള്ള വൻകിട ഊർജ ഉപഭോക്താക്കൾക്കുള്ള പുരസ്കാരം കെ.എസ്.ഇ.ബി., കളമശ്ശേരി അപ്പോളോ ടയേഴ്സ് എന്നിവർക്ക് കൈമാറി. വിവിധ വിഭാഗങ്ങളിലെ മികച്ച ഊർജസംരക്ഷണ പുരസ്കാരം കെ.ഡിസ്ക്, തിരുവനന്തപുരം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം ക്വസ്റ്റ് ഗ്ലോബൽ എൻജിനിയറിങ് സർവീസസ്, കോഴിക്കോട് ഗ്രീൻ ടെക്നോളജി സെന്റർ, പാലക്കാട് മേനോൻ ആർക്കിടെക്ചറൽ സൊല്യൂഷൻ എന്നിവർക്കും സമ്മാനിച്ചു.

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സെക്രട്ടറി മിലിന്ദ് ദേവ്റ മുഖ്യപ്രഭാഷണം നടത്തി. ടി.എൻ. സീമ, ഡോ. എസ്.ഉണ്ണികൃഷ്ണൻ നായർ, ജി.വിനോദ്, വെങ്കിടേഷ് ദ്വിവേദി, ഡോ. ആർ.ഹരികുമാർ എന്നിവർ സംസാരിച്ചു. ഊർജമേള ഒമ്പതുവരെ തുടരും.